I ഇ.ബി. XV -  കേരള നിയമസഭ/III-5

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 8, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

കോവിഡ് മരണനിരക്കിലെ അപാകത

മി. സ്പീക്കർ: സംസ്ഥാനത്ത് കോവിഡ്മൂലം മരണമടഞ്ഞവരുടെ ലിസ്റ്റ് പൂർണ്ണമാകാത്തതുകൊണ്ടും ലിസ്റ്റിലെ അപാകതകൾ

പരിഹരിക്കാത്തതുമൂലവും അർഹരായവർക്ക് കോവിഡ് ധനസഹായം നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സുപ്രീംകോടതി വിധിക്കനുസൃതമായി കോവിഡ്-19 മരണം നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിതര മരണങ്ങൾ രേഖപ്പെടുത്താൻ പുതിയ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ്-19 മരണമെന്ന് രേഖപ്പെടുത്തിയതും സാമ്പിൾ എടുത്ത ദിവസമോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച ദിവസമോ മുതൽ 30 ദിവസം വരെയുള്ള മരണങ്ങളും ആശുപത്രി/കിടത്തിചികിത്സാ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് രോഗി അതേ അഡ്മിഷനിൽ 30

ദിവസം തുടർന്ന ശേഷമാണ് മരണമെങ്കിൽ അതുകൂടി പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാൻ ജില്ലകൾതോറും Covid-19 Death Ascertaining Committee (CDAC) രൂപീകരിക്കുകയും പരാതി ലഭിച്ച് 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതുമാണ്. കോവിഡ് ഡെത്ത് ഇൻഫർമേഷൻ സിസ്റ്റം പോർട്ടലിലൂടെ പരാതി നൽകാൻ കഴിയാത്തവർക്ക് തൊട്ടടുത്ത പ്രാഥമികാരോഗ്യ/കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. മരണമടഞ്ഞ വ്യക്തിയുടെ ഉറ്റബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000 രൂപ ധനസഹായം നൽകാൻ ഉത്തരവാകുകയും അതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ റിലീഫ് പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ആഴ്ചതോറും 100-നും 150-നുമിടയിൽ ആളുകൾ കോവിഡ്മൂലം മരണപ്പെടുന്ന അവസ്ഥയാണ് സംസ്ഥാനത്തുള്ളത്. ആശുപത്രിയിലെത്താൻ വൈകിയതുമൂലമാണ് 30 ശതമാനത്തോളം ആളുകൾ മരണപ്പെട്ടതെന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് ഗൗരവമായി

പരിഗണിക്കേണ്ടതാണ്. കോവിഡ്മൂലം മരണപ്പെട്ട മുഴുവൻ ആളുകളുടെയും ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ തയ്യാറാകാത്തത് ഖേദകരമാണ്. കോവിഡ് ബാധിച്ച് മരിച്ചവരുടെ പട്ടിക തയ്യാറാക്കി കാറ്റഗറൈസ് ചെയ്ത് അവരുടെ ആശ്രിതർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം. ഭൂരിഭാഗം ആളുകളും വാക്സിനെടുത്തിട്ടും പ്രതിദിനം പതിനായിരത്തിലധികം പേർക്ക് കോവിഡ് ബാധിക്കുന്നതിന്റേയും 150-ഓളം പേർ മരിക്കുന്നതിന്റെയും കാരണം കണ്ടെത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. കോവിഡ് രണ്ടാംതരംഗത്തിന്റെ തീവ്രതയും കേസ്സുകളുടെ എണ്ണവും കുറച്ചുകൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. രണ്ടാം തരംഗംമൂലമുണ്ടായ ഭൂരിപക്ഷം കേസ്സുകളും ഡെൽറ്റാ വകഭേദത്തിലൂടെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആവശ്യത്തിന് ഓക്സിജൻ ലഭ്യത, ആശുപത്രി കിടക്കകൾ, ഐ.സി.യു., വെന്റിലേറ്റർ എന്നീ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് കോവിഡ് പ്രതിരോധതന്ത്രം ആവിഷ്കരിച്ചിരിക്കുന്നത്. 07-10-2021 വരെ 93.18 ശതമാനം ആളുകൾക്ക്

ഒന്നാംഡോസ് വാക്സിനും 43.14 ശതമാനം ആളുകൾക്ക് രണ്ടാംഡോസ് വാക്സിനും നൽകിയിട്ടുണ്ട്. രോഗികളെ കണ്ടെത്താൻ കൂടുതൽ ടെസ്റ്റ്, മികച്ച ട്രേസിംഗ് എന്നിവ ആരോഗ്യവകുപ്പ് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. ജൂൺ മാസം മുതൽ കോവിഡ് മരണം ഓൺലൈനായി അപ്ഡേറ്റ് ചെയ്യാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. ആർ.ടി.പി.സി.ആർ. ടെസ്റ്റിന്റെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട മരണങ്ങളുടെ ലിസ്റ്റ് എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതും പരാതികളുണ്ടെങ്കിൽ പരിഹരിക്കുന്നതുമാണ്. അർഹരായ എല്ലാവർക്കും ആനുകൂല്യം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും

അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) ശബരിമല വിമാനത്താവള പദ്ധതി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ശബരിമല തീർത്ഥാടകരുടെയും മധ്യതിരുവിതാംകൂറിലെ പ്രവാസികളുടെയും സ്വപ്നപദ്ധതിയായ ശബരിമല വിമാനത്താവള പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള സർക്കാർ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. പദ്ധതി പ്രദേശമായ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന് രാജമാണിക്യം കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. റവന്യൂവകുപ്പിന്റെ ഭൂമിയേറ്റെടുക്കൽ നടപടിക്കെതിരെ സ്വകാര്യ കൈവശക്കാർ നൽകിയ കേസ് അവസാനിപ്പിക്കുന്നതിനും ചർച്ചയിലൂടെ പ്രശ്നപരിഹാരമുണ്ടാക്കുന്നതിനും നടപടിയുണ്ടാകണം. ആശങ്കകൾ ദുരീകരിച്ച് വിമാനത്താവള പദ്ധതി യാഥാർത്ഥ്യമാക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന് 2017-ൽ സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ചെറുവള്ളി എസ്റ്റേറ്റിനെ

പദ്ധതിപ്രദേശമായി തെരഞ്ഞെടുക്കുകയും ഭൂമിയേറ്റെടുക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും സ്ഥലമേറ്റെടുക്കലിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കോടതിയിൽ നിലനിൽക്കുന്ന കേസും ജനങ്ങളുടെ ആശങ്കയും പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിവരികയാണ്. വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാതപഠനവും നടത്തി പ്രാഥമിക റിപ്പോർട്ട് വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ മുൻഗണനാ പട്ടികയിലുള്ള വിമാനത്താവള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

(2) <u>മാലിന്യ സംസ്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: മാലിന്യസംസ്കരണം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം ആഴ്ചയിലൊരു ദിവസം ഒരു പിരീഡ് ഇതിനായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ കുട്ടികളിൽ മാലിന്യനിർമ്മാജ്ജനത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മലയാളം പാഠപുസ്തകങ്ങളിൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശുചീകരണം, മാലിന്യനിർമ്മാജ്ജനം, സ്ത്രീധനം തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ പുതുതായി ആരംഭിക്കുന്ന പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുന്നതും ഇതിനായി ഒരു പിരീഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്.

## III. സബ്മിഷൻ

### 1. ചെമ്പുമുക്ക് പാലം/റോഡ് പുനർ നിർമ്മാണം

ശ്രീ. പി. ടി. തോമസ്: ചെമ്പുമുക്ക് പാലവും അസ്സീസ്സി സ്കൂൾ റോഡും പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ചെമ്പുമുക്ക് പാലം-അസ്സീസി സ്കൂൾ റോഡ് അപകടാവസ്ഥയിലാണെന്നും തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും തൃക്കാക്കര നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ദുരന്ത പ്രതികരണനിധി

വിനിയോഗിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ. നഗരസഭ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ ജലസേചന വകുപ്പുമായി ചേർന്ന് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്.

2. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ നടപടി

ശ്രീ. വി. ജോയി: കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കോവിഡ്-19 വ്യാപനംമൂലമുള്ള നിയന്ത്രണങ്ങളുടെ ഭാഗമായാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ അടച്ചത്. നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകളുടെ ഭാഗമായി മാർഗ്ഗരേഖകൾക്ക് വിധേയമായാണ് സ്കൂളുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തുറക്കുന്നത്. ഇനിയുള്ള കോവിഡ് സാഹചര്യങ്ങളും വാക്സിനേഷനും വിലയിരുത്തി സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതുൾപ്പെടെയുള്ള ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3. സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. കെ. പി. എ. മജീദ്: ക്ലാരി ജി. യു.പി., ചന്തപ്പടി ജി. എൽ. പി. സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ക്ലാരി ജി.യു.പി. സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കെട്ടിട നിർമ്മാണത്തിന്റെ ഡി.പി.ആർ. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അനുവദിച്ച തുക തികയാത്തപക്ഷം പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ചന്തപ്പടി ജി.എൽ.പി. സ്കൂളിന്റെ വികസനത്തിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് സംസ്ഥാന/ജില്ലാ തലത്തിൽ വിവിധ ഏജൻസികളുടെ യോഗം വിളിക്കുന്നതാണ്.

## 4. അക്കിക്കാവ്-എരുമപ്പെട്ടി റോഡ് നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: അക്കിക്കാവ്-കടങ്ങോട്-എരുമപ്പെട്ടി റോഡ് നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അക്കിക്കാവ്-കടങ്ങോട്-എരുമപ്പെട്ടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതും നിലവിൽ 65 ശതമാനം പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയുടെ കാലാവധി 31-05-2022 വരെ ദീർഘിപ്പിക്കണമെന്ന അപേക്ഷയിന്മേൽ ഫീൽഡ് ഓഫീസിൽനിന്ന് വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുത്ത് പ്രവൃത്തി ത്വരിതപ്പെടുത്തുന്നതും വർക്ക് ഷെഡ്യൂൾ തയ്യാറാക്കി റോഡ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതുമാണ്.

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിന്റെ പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: പ്രമേയത്തെ പിന്താങ്ങുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സംസ്ഥാനത്ത് കായികരംഗം പരിപോഷിപ്പിക്കുന്ന നിരവധി പദ്ധതികൾ നിലവിലുണ്ട്. ജില്ലാതലത്തിൽ 58-ഓളം സ്റ്റേഡിയങ്ങൾ നിർമ്മിച്ചുവരുന്നതും കളിസ്ഥലങ്ങളില്ലാത്ത പഞ്ചായത്തുകളിൽ അവ നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതുമാണ്. കായികതാരങ്ങളെ

വളർത്തിയെടുക്കുന്നതിന് വിദ്യാലയങ്ങളിൽ അടുത്ത അദ്ധ്യയന വർഷംമുതൽ കായികം ഒരു ഇനമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും പഞ്ചായത്തുതലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാനും നടപടി സ്വീകരിച്ചുവരികയാണ്. ആയതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: നിരവധി പദ്ധതികൾ കായിക മേഖലയിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും കളിസ്ഥലങ്ങളുടെ പരിപാലനത്തിൽ മാനദണ്ഡങ്ങളുടെ അഭാവമുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് കായിക എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗവേഷണം നടത്തേണ്ടതും പ്രസ്തുത വിഭാഗം വിപുലീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമുണ്ട്. ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ-തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികളാവിഷ്കരിക്കുകയും കായിക സ്കൂളുകൾ/അക്കാദമി കൂടുതലായി സ്ഥാപിക്കുകയും ചെയ്യണം.

(ചർച്ച തുടരും)

(ii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. ടി. വി. ഇബ്രാഹിം: 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പാക്കുന്നതിനായി സർക്കാർ ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. സ്വയംതൊഴിൽ ചെയ്യുന്നതിനുവേണ്ടിയാണ് കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളിലൂടെ വായ്പകളുൾപ്പെടെ നൽകി അവരെ സ്വയംസംരംഭകത്വത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ളത്. സ്ത്രീകൾക്ക് പ്രവർത്തന/അഭിപ്രായ സ്വാതന്ത്ര്യം നൽകുന്നതിനുപകരം വീട്ടമ്മമാർ എന്ന രീതിയിൽ പരിമിതപ്പെടുത്തുന്നത് ശരിയല്ലാത്തതിനാൽ ഇത്തരമൊരു ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: വീട്ടമ്മമാരുടെ സേവനത്തിന് സമൂഹത്തിൽ അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ലെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അവരുടെ ക്ഷേമത്തിനും ചികിത്സയ്ക്കും മറ്റ് അടിയന്തര ആവശ്യങ്ങൾ

നിറവേറ്റുന്നതിനും പ്രതിമാസം ഒരു നിശ്ചിത തുക നൽകുന്നതിന് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നതാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള തദ്ദേസ്വയംശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

ശ്രീ. സി. ആർ. മഹേഷ്: 2021-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടിപട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായിരുന്നവർക്ക് പെൻഷൻ ബോർഡ് രൂപീകരിക്കണമെന്നതും പെൻഷൻ അനുവദിക്കണമെന്നതുമായ ആവശ്യം കാലാകാലങ്ങളായി ഉന്നയിക്കപ്പെട്ടിട്ടുള്ളതിനാൽ സർക്കാർ ഈ വിഷയം

പരിശോധിക്കുകയും വൻ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാൽ പിൻമാറുകയുമാണ് ചെയ്തത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: ജനാധിപത്യ സമ്പ്രദായത്തിൽ താഴെത്തട്ടിലുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ് ത്രിതല പഞ്ചായത്ത് അംഗങ്ങൾ. കോവിഡ് പശ്ചാത്തലത്തിൽ പ്രതിഫലം വാങ്ങാതെ പഞ്ചായത്തംഗങ്ങൾ നടത്തിയ സേവനം മുഖവിലയ്ക്കെടുക്കേണ്ടതാണ്. അഞ്ച് വർഷം നിസ്വാർത്ഥമായി ജനങ്ങളെ സേവിച്ചശേഷം വാർദ്ധക്യത്തിൽ ദുരിതമനുഭവിക്കുന്ന മുൻ പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ ബോർഡ് രൂപീകരിക്കുന്നതിന് അനുകൂല നിലപാട് സ്വീകരിക്കണം.

(ചർച്ച തുടരും)

### (iv) <u>2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെയും ക്ഷേമത്തിനും <u>പരിരക്ഷയ്ക്കുമുള്ള</u> വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിച്ച 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ നടപ്പുസമ്മേളനത്തിൽത്തന്നെ നിയമമാകുമെന്നതിനാൽ ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ ശക്തിപ്പെടുത്തണം.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (v) 2021-ലെ കേരള ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

ശ്രീ. ടി. ഐ. മധുസൂദനൻ: 2021-ലെ കേരള ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സംസ്ഥാനത്തെ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അനാരോഗ്യകരമായി സംഘം ചേരുന്നതിനും സൗഹൃദാന്തരീക്ഷം തകർക്കുന്ന കൃത്യം ചെയ്യുന്നതിനും ഘോഷയാത്രയിലും മറ്റും ആയുധങ്ങൾ ഉപയോഗിക്കുന്നതിനും ആയുധത്തോടുകൂടിയ കായികപരിശീലനം/കായികാഭ്യാസം നടത്തുന്നതിനുമെതിരെ ഇന്ത്യൻ ശിക്ഷാനിയമം, കേരള പോലീസ് ആക്ട് എന്നിവയിലെ ചട്ടങ്ങൾപ്രകാരം നടപടി സ്വീകരിക്കാൻ വ്യവസ്ഥയുള്ളതിനാൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. ടി. ഐ. മധുസൂദനൻ: ആരാധനാലയങ്ങളിൽ വിശ്വാസികൾക്ക് സുരക്ഷിതമായി ആരാധന നടത്തുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ ഇടപെടലുകൾ ശ്ലാഘനീയമാണ്. ക്ഷേത്രങ്ങളിലും മഠങ്ങളിലും ഗവൺമെന്റ് നിയന്ത്രണം ഒഴിവാക്കുന്നതിന് കേന്ദ്ര നിയമമുണ്ടാകണമെന്നും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ആരാധനാലയങ്ങൾ ഹിന്ദുമത സംഘടനകൾക്ക് കൈമാറണമെന്നുമുള്ള വിശ്വഹിന്ദു പരിഷത്തിന്റെ ദേശീയ സമിതി യോഗത്തിന്റെ പ്രമേയം അടിസ്ഥാനപ്പെടുത്തിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

(i) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: വിശ്വാസികൾക്കെതിരായ മത-വർഗ്ഗീയവാദികളുടെ നിലപാടുകളെ ചെറുക്കാൻ ഈ ബിൽ സഹായകരമാകും. മതവിശ്വാസവുമായി ബന്ധമില്ലാത്ത വർഗ്ഗീയവാദികളും മൗലികവാദികളും തീവ്രവാദികളും രാഷ്ട്രീയ സാമ്പത്തിക അധികാരം പിടിച്ചെടുക്കുന്നതിന്

അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പ്രയോജനപ്പെടുത്തുന്നത് സാമൂഹ്യപ്രശ്നമായി മാറിയിരിക്കുകയാണ്. ഈ ബിൽ വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

(ചർച്ച തുടരും)

## (ii) 2021- ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

ശ്രീ. അനൂപ് ജേക്കബ്: സമ്മർദ്ദമോ ഭീഷണിയോ കാരണം സാക്ഷികൾ കൂറുമാറുന്നതുകൊണ്ടാണ് പല കേസുകളിലും പ്രതികൾ ശിക്ഷയിൽനിന്നും രക്ഷപ്പെടുന്നത്. സർക്കാർ, നിയമം നിർമ്മിക്കുന്നതുവരെമാത്രം നിലനിൽക്കുന്നതും അപ്രായോഗികമായ പല വ്യവസ്ഥകളുമുള്ള സാക്ഷി സുരക്ഷാ പദ്ധതിക്കുപകരം മറ്റൊരു നിയമനിർമ്മാണം നടത്തേണ്ടതില്ലെന്ന നിലപാട് നിരാശാജനകമാണ്. ക്രിമിനൽ കേസുകളിലെ സാക്ഷികളുടെ സുരക്ഷ ഉറപ്പാക്കാനും കോടതികൾ സാക്ഷി സൗഹൃദമാക്കാനും കഴിയണം. നല്ല നിയമവ്യവസ്ഥിതിയുണ്ടാകണമെന്ന ഉദ്ദേശ്യത്തിൽ കൊണ്ടുവന്നിട്ടുള്ള ബിൽ അംഗീകരിക്കണം.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: വിവര സാങ്കേതിക വിദ്യ സാധാരണക്കാർക്ക് പ്രാപ്തമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരാണ് അക്ഷയ സംരംഭകർ. അക്ഷയ സംരംഭകരെ പൊതുക്ഷേമനിധിയിൽ ഉൾപ്പെടുത്താതെ അവർക്ക് പ്രത്യേകമായൊരു ക്ഷേമനിധി രൂപീകരിച്ച് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയും വിദ്യാഭ്യാസ/വിവാഹാവശ്യങ്ങൾക്ക് പലിശരഹിത വായ്പയും ലഭ്യമാക്കണം. അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണത്തിന് പ്രത്യേക പരിഗണന നൽകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഐ.ടി/ഐ.ടി അനുബന്ധ മേഖലയിലുള്ളവരെയും അക്ഷയ സംരംഭകരെയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബില്ലിന് പ്രസക്തിയില്ല.

ബിൽ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.27-ന് പിരിഞ്ഞു.

******